പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1078. 12.03.2015ൽ മറുപടിയ്ക്ക്

## സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ സ്കൂൾ സർട്ടിഫിക്കറ്റിൽ ജാതി രേഖപ്പെടുത്താൻ നടപടി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉബൈദുള്ള | ശ്രീ.പി.കെ..അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര വിദ്യാർത്ഥികൾ സി.ബി. എസ്.ഇ/ ഐ.സി.എസ്.ഇ സിലബസ്സിൽ വിദ്യാഭ്യാസം നടത്തുന്നുണ്ടെന്ന കണക്ക് ലഭ്യമാണോ; വ്യക്തമാക്കുമോ; | (എ) സി.ബി. എസ്.ഇ.<br>വിദ്യാലയങ്ങളിലെ കുട്ടികൾ - 898571<br><br>ഐ.സി.എസ്.ഇ<br>വിദ്യാലയങ്ങളിലെ കുട്ടികൾ - 116285.<br>------<br>**1014856** |
| (ബി) ഇവരുടെ 10 -ാം ക്ലാസ്/ 12 -ാം ക്ലാസ് സർട്ടിഫിക്കറ്റിൽ ജാതി രേഖപ്പെടുത്താത്തത് മൂലം അവർക്ക് കാലാകാലങ്ങളിൽ വിവിധ സംവരണാനുകൂല്യങ്ങൾക്ക് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ പരീക്ഷകൾ നടത്തുന്നതും സർട്ടിഫിക്കറ്റ് വിതരണവും സംസ്ഥാന സർക്കാരിന്റെ കീഴിലല്ല. ആകയാൽ സംവരണാനുകൂല്യങ്ങൾക്ക് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (സി) ഇത് സംബന്ധമായി സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിൽ നടത്തിയ നീക്കങ്ങളുടെ ഫലപ്രാപ്തി അറിയിക്കുമോ; | (സി) സംസ്ഥാന സർക്കാരിനു ലഭിച്ച പരാതികൾ നടപടി സ്വീകരിക്കുന്നതിനായി സി.ബി.എസ്.ഇ/ഐ.സി. എസ്.ഇ സെക്രട്ടറിക്ക് അയച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത് സി.ബി.എസ്.ഇ/ഐ.സി. എസ്.ഇ ആണ്. |
| (ഡി) ലക്ഷകണക്കിന് വിദ്യാർത്ഥികൾ ഇക്കാര്യത്തിൽ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഗണിച്ച് അടിയന്തിര നടപടി സ്വീകരിക്കുമോ? | (ഡി) ഇക്കാര്യത്തിൽ വിദ്യാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് സി.ബി. എസ്.ഇ/ഐ.സി.എസ്.ഇ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ